## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3847** 15-05-2017 ൽ മറുപടിക്ക്

## അർഹരായവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.പി.വി. അൻവർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അർഹരായ വർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ: | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ഭൂമി പതിവ് നിയമപ്രകാരം ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതു കൂടാതെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലേക്ക് ജില്ലാ കളക്ടർമാർ അർഹരായവർക്ക് ഭൂമി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി വിവിധ കളക്ടേറ്റുകളിൽ ലഭിച്ച അപേക്ഷകൾ സമയ ബന്ധിതമായി പരിശോധിച്ച് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ: | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂരഹിത കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിരുന്നതാണ്. എന്നാൽ ലൈഫ് മിഷൻ പ്രകാരം ഭൂരഹിത ഭവനരഹിതരുടെ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നിലവിൽ നടപടി ആരംഭിച്ചിട്ടുള്ളതാണ്. അന്തിമ പരിശോധന കഴിഞ്ഞതിനുശേഷം ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) സംസ്ഥാനത്തെ പട്ടിക വർഗ്ഗ ഗോത്ര വിഭാഗ ങ്ങൾക്ക് നിലവിൽ നൽകിവരുന്ന കൈവശ രേഖയ്ക്ക് പകരം പട്ടയം നൽകുന്നതിന് സാധിക്കുമോ എന്ന കാര്യം പരിശോധി ക്കുമോ? | (സി) സംസ്ഥാനത്തെ പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾക്ക് നിലവിൽ നൽകിവരുന്നത് വനാവകാശ നിയമ പ്രകാരമുള്ള കൈവശരേഖയാണ് 01/01/1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾക്കും പട്ടയം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**